DITTO WS

Reg. No. : ....................................

Name : ..........................................

**SY-50**

# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2020

Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

DITTO WS

## PART – A (Scores : 40)

## ACCOUNTING

**I. Answer all questions from 1 to 5. Each carries 1 score. (5 × 1 = 5)**

1. The amount received by the Not-for Profit organisation as per the will of a deceased person is called ________.
   (a) Honorarium (b) Subscription
   (c) Legacy (d) Specific grant

2. At the time of dissolution of a firm, which of the following liability will be paid first ?
   (a) Outstanding Salary of Partners
   (b) Partners Loan
   (c) Partners Capital
   (d) Sundry Creditors

3. A Partnership firm incures a loss of ₹ 28,000 during the year 2018-19. Which among the following is admissible to Partners at the end of this year ?
   (a) Interest on Partners Loan
   (b) Interest on Partners Capital
   (c) Commission to Partners
   (d) Salary to Partners

4. Goodwill brought in by the incoming partner in cash is credited to ________.
   (a) Old Partners Capital Account in Sacrificing ratio
   (b) Old Partners Capital Account in new ratio
   (c) New Partners Capital Account in Gaining ratio
   (d) New Partners Capital Account in new ratio

5. At the time of reconstitution of a firm the value of Building is found appreciated by 20%. What journal entry will be passed for above adjustment with regard to revaluation ?

**II. Answer any 4 questions from 6 to 10. Each carries 2 scores. (4 × 2 = 8)**

6. Siva is a partner in United Tours and Travels. He withdraws ₹ 4,000 per month regularly in the middle of every month during the year 2019. The rate of interest on drawings is 8%. Calculate Interest on drawings for the year 2019.

DITTO WS

## PART – A (Scores : 40)

## ACCOUNTING

**I. 1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(5 × 1 = 5)**

1. മരണമടഞ്ഞ വ്യക്തിയുടെ വിൽപ്പത്രപ്രകാരം ഒരു ലാഭേച്ഛയില്ലാത്ത സംഘടനയ്ക്ക് ലഭിക്കുന്ന തുകയാണ് ________.
   (a) ഓണറേറിയം (b) വരിസംഖ്യ
   (c) ലെഗസി (d) പ്രത്യേക ധനസഹായം

2. ഒരു പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുന്ന സമയത്ത് താഴെപ്പറയുന്നവയിൽ ഏത് ബാധ്യതയാണ് ആദ്യം നൽകുന്നത്.
   (a) പങ്കാളിയുടെ കുടിശ്ശിക ശമ്പളം
   (b) പങ്കാളിയുടെ വായ്പ
   (c) പങ്കാളിയുടെ മൂലധനം
   (d) കടക്കാർക്ക് നൽകാനുള്ള തുക

3. ഒരു പങ്കാളിത്ത സ്ഥാപനം 2018-19 വർഷം ₹ 28,000 രൂപ നഷ്ടമുണ്ടാക്കി. പ്രസ്തുത വർഷം പങ്കാളികൾക്ക് അർഹമായിട്ടുള്ളത് താഴെപ്പറയുന്നവയിൽ ഏതാണ്.
   (a) പങ്കാളികളുടെ വായ്പയുടെ പലിശ
   (b) പങ്കാളികളുടെ മൂലധനത്തിന്റെ പലിശ
   (c) പങ്കാളികളുടെ കമ്മീഷൻ
   (d) പങ്കാളികളുടെ ശമ്പളം

4. ഗുഡ്‌വിൽ ഇനത്തിൽ പുതിയ പങ്കാളി കൊണ്ടുവരുന്ന തുക പങ്കാളികളുടെ മൂലധന അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ________.
   (a) ത്യാഗ അനുപാതത്തിൽ പഴയ പങ്കാളികൾക്ക് ലഭിക്കും
   (b) പുതിയ അനുപാതത്തിൽ പഴയ പങ്കാളികൾക്ക് ലഭിക്കും
   (c) നേട്ട അനുപാതത്തിൽ പുതിയ പങ്കാളികൾക്ക് ലഭിക്കും
   (d) പുതിയ അനുപാതത്തിൽ പുതിയ പങ്കാളികൾക്ക് ലഭിക്കും

5. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ പുനർനിർമ്മാണ സമയത്ത് കെട്ടിടത്തിന്റെ വില 20% വർദ്ധിച്ചു. ഈ സാഹചര്യത്തിൽ റീവാല്യേഷനുമായി ബന്ധപ്പെട്ട നീക്കപോക്ക് ജേണൽ എൻട്രി എഴുതുക.

**II. 6 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം : (4 × 2 = 8)**

6. യുണൈറ്റഡ് ടൂർസ് ആന്റ് ട്രാവൽസിലെ പങ്കാളിയാണ് ശിവ. 2019 വർഷത്തിലെ എല്ലാ മാസത്തിന്റെയും മധ്യത്തിൽ പതിവായി 4,000 രൂപ വീതം സ്വന്തം ആവശ്യത്തിനായി അദ്ദേഹം പിൻവലിക്കുന്നു. തൻപറ്റിന്റെ പലിശ 8% ആണ്. 2019 വർഷത്തിലെ തൻപറ്റിന്റെ പലിശ കണക്കാക്കുക.

DITTO WS

7. Briefly explain any two circumstances which need for valuation of goodwill in a Partnership firm.

8. Do you think that there is a need for the revaluation of assets and liabilities of a firm on the retirement of a partner ? Justify your answer.

9. Show how the following items will appear in the financial statement of a Not-for-Profit organisation :
   (i) Cricket Match fund ₹ 40,00,000
   (ii) Cricket Match Expenses ₹ 23,00,000
   (iii) Donations received for conducting cricket matches ₹ 12,00,000
   (iv) Sale of Cricket Match tickets ₹ 16,00,000

10. Enumerate any two rights acquired by a newly admitted partner of a firm.

**III. Answer any 3 questions from 11 to 14. Each carries 3 scores. (3 × 3 = 9)**

11. Rejith is a partner in a firm. On 1st January 2017, his capital account balance was ₹ 2,20,000. As per partnership agreement a partner is entitled to 6% interest per annum on his capital. Rejith introduced additional capital ₹ 80,000 on 01-07-2017 and withdrew ₹ 50,000 on 1-10-2017. Calculate the interest on capital for the year ending 31st December 2017.

12. State any three differences between dissolution of partnership and dissolution of firm.

13. The profit for the last five years of a firm were as follows :

| Year | Profit |
|---|---|
| 2014 | 62,000 |
| 2015 | 58,000 |
| 2016 | 84,000 |
| 2017 | 78,000 |
| 2018 | 80,000 |

Capital employed in the firm is ₹ 5,00,000. Calculate the value of goodwill on the basis of 3 years purchase of Super Profit, assuming that the normal rate of return on capital employed is 12%.

14. List out the various adjustments required in the accounts of a firm on retirement of a partner. (6 Points)

7. പങ്കാളിത്ത സ്ഥാപനത്തിൽ ഗുഡ്‌വിലിന്റെ മൂല്യ നിർണ്ണയം ആവശ്യമായി വരുന്ന ഏതെങ്കിലും രണ്ട് സാഹചര്യങ്ങൾ ഹ്രസ്വമായി വിവരിക്കുക.

8. ഒരു പങ്കാളിത്ത സ്ഥാപനത്തിൽ നിന്ന് ഒരു പങ്കാളി വിരമിക്കുന്ന സമയത്ത് ആസ്തികളും ബാധ്യതകളും പുനർമൂല്യനിർണ്ണയം നടത്തണം എന്ന് നിങ്ങൾ കരുതുന്നുണ്ടോ ? നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക.

9. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ ധനവിവരപ്പത്രികയിൽ താഴെപ്പറയുന്ന ഇനങ്ങൾ എങ്ങനെ ദൃശ്യമാകുമെന്ന് കാണിക്കുക.
   (i) ക്രിക്കറ്റ് മാച്ച് ഫണ്ട് 40,00,000 രൂപ
   (ii) ക്രിക്കറ്റ് മത്സര ചെലവ് 23,00,000 രൂപ
   (iii) ക്രിക്കറ്റ് മത്സരം നടത്തുന്നതിന് ലഭിച്ച സംഭാവന 12,00,000 രൂപ
   (iv) ക്രിക്കറ്റ് മാച്ച് ടിക്കറ്റുകളുടെ വിൽപ്പന 16,00,000 രൂപ

10. പങ്കാളിത്ത സ്ഥാപനത്തിൽ പുതിയതായി പ്രവേശിപ്പിക്കുന്ന പങ്കാളിക്ക് ലഭിക്കുന്ന ഏതെങ്കിലും രണ്ട് അവകാശങ്ങൾ വിവരിക്കുക.

**III. 11 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം : (3 × 3 = 9)**

11. രജിത്ത് ഒരു പങ്കാളിത്ത സ്ഥാപനത്തിലെ പങ്കാളിയാണ്. 01-01-2017-ലെ അദ്ദേഹത്തിന്റെ മൂലധന അക്കൗണ്ടിലെ നീക്കിയിരുപ്പ് 2,20,000 രൂപയാണ്. പങ്കാളിത്ത ഉടമ്പടി പ്രകാരം ഒരു പങ്കാളിയ്ക്ക് മൂലധനത്തിന് 6% വാർഷിക പലിശ ലഭിക്കും. 01-07-2017 ന് 80,000 രൂപ അധിക മൂലധനമായി രജിത്ത് കൊണ്ടു വരുകയും, 1-10-2017 ൽ 50,000 രൂപ മൂലധനത്തിൽ നിന്ന് പിൻവലിക്കുകയും ചെയ്തു. 31-12-2017 ന് അവസാനിക്കുന്ന വർഷത്തേക്കുള്ള മൂലധനത്തിന്റെ പലിശ കണക്കാക്കുക.

12. പങ്കാളിയുടെ പങ്കുപിരിയലും, പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചു പൂട്ടലും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ പ്രസ്താവിക്കുക.

13. ഒരു സ്ഥാപനത്തിന്റെ അവസാന അഞ്ച് വർഷത്തെ ലാഭം ഇപ്രകാരമായിരുന്നു :

| വർഷം | ലാഭം |
|---|---|
| 2014 | 62,000 |
| 2015 | 58,000 |
| 2016 | 84,000 |
| 2017 | 78,000 |
| 2018 | 80,000 |

സ്ഥാപനത്തിൽ 5,00,000 രൂപ മൂലധനമായി നിക്ഷേപിച്ചിട്ടുണ്ട്. മുലധനത്തിന്റെ സാധാരണ വരുമാന നിരക്ക് 12% ആണെന്ന് കരുതുക. അധിക ലാഭത്തിന്റെ മൂന്ന് വർഷം വാങ്ങുന്നതിനുള്ള വിലയെ അടിസ്ഥാനമാക്കി ഗുഡ്‌വിൽ കണക്കാക്കുക.

14. ഒരു പങ്കാളിയുടെ വിരമിക്കലുമായി ബന്ധപ്പെട്ട് പങ്കാളിത്ത സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ ആവശ്യമായ വിവിധ ക്രമീകരണങ്ങൾ എഴുതുക. (6 ഇനങ്ങൾ)

DITTO WS

**IV. Answer any 2 questions from 15 to 17. Each carries 5 scores.** **(2 × 5 = 10)**

15. Following is the Balance Sheet of Lekshmi, Priya and Deepa, who share profits and losses equally.

**Balance Sheet of Lekshmi, Priya and Deepa as on 31/03/2017**

| Liabilities | Amount | Assets | Amount |
|---|---|---|---|
| Creditors | 12,000 | Cash at Bank | 26,600 |
| Reserve fund | 36,000 | Sundry Debtors | 26,000 |
| Capital :- | | Stock | 18,000 |
| Lekshmi | 29,200 | Fixed Assets | 65,000 |
| Priya | 29,200 | | |
| Deepa | 29,200 | | |
| | **1,35,600** | | **1,35,600** |

Lekshmi died on 31st May 2017. According to the Partnership deed her legal representatives are entitled to :

(1) Balance in the capital account and undistributed profit/loss.

(2) Share of Goodwill under average profit method.

(3) Share in the profit upto the date of death based on last year Profit.

(4) Interest on capital @ 6% p.a.

The goodwill of the firm under average profit method is ₹ 42,000, and profit for the year 2016-17 ₹ 21,600. Calculate the amount payable to Lekshmi's legal representatives.

16. Sathy and Varsha are partners in a firm sharing profit and losses in the ratio of 3 : 1. Their Balance Sheet as on 1st January 2019 was as follows :

**Balance Sheet of Sathy and Varsha as on 01-01-2019**

| Liabilities | Amount | Assets | | Amount |
|---|---|---|---|---|
| Rent Outstanding | 3,000 | Cash in hand | | 12,000 |
| Creditors | 18,000 | Investment | | 60,000 |
| General Reserve | 10,000 | Stock | | 24,000 |
| Capital : Sathy | 2,00,000 | Debtors | 44,000 | |
| Varsha | 60,000 | Less : Provision for Bad debts | 4,000 | 40,000 |
| | | Machinery | | 30,000 |
| | | Building | | 1,25,000 |
| | **2,91,000** | | | **2,91,000** |

DITTO WS

**IV. 15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം : (2 × 5 = 10)**

15. ലാഭവും, നഷ്ടവും തുല്ല്യമായി പങ്കുവയ്ക്കുന്ന പങ്കാളികളായ ലക്ഷ്മി, പ്രിയ, ദീപ എന്നിവരുടെ ബാലൻസ്ഷീറ്റ് ചുവടെ ചേർക്കുന്നു.

**ലക്ഷ്മി, പ്രിയ, ദീപ എന്നിവരുടെ 31/03/2017 ലെ ബാലൻസ്ഷീറ്റ്**

| ബാധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| ക്രഡിറ്റേഴ്സ് | 12,000 | ബാങ്ക് ബാലൻസ് | 26,600 |
| റിസർവ് ഫണ്ട് | 36,000 | സൺട്രി ഡബ്റ്റേഴ്സ് | 26,000 |
| മൂലധനം :- | | സ്റ്റോക്ക് | 18,000 |
| ലക്ഷ്മി | 29,200 | സ്ഥിര ആസ്തികൾ | 65,000 |
| പ്രിയ | 29,200 | | |
| ദീപ | 29,200 | | |
| | **1,35,600** | | **1,35,600** |

ലക്ഷ്മി 31-05-2017-ൽ മരണപ്പെട്ടു. പങ്കാളിത്ത കരാർ പ്രകാരം ലക്ഷ്മിയുടെ പ്രതിനിധികൾക്ക് അർഹതയുള്ളത് :

(1) മൂലധന നീക്കിയിരുപ്പും, പങ്ക് വയ്ക്കാത്ത ലാഭ-നഷ്ടവും.

(2) ശരാശരി ലാഭനഷ്ട രീതിയിൽ കണക്കാക്കുന്ന ഗുഡ്വിലിന്റെ വിഹിതം.

(3) കഴിഞ്ഞ വർഷത്തെ ലാഭത്തിന്റെ അടിസ്ഥാനത്തിൽ മരണ തീയതി വരെയുള്ള ലാഭ വിഹിതം.

(4) വാർഷികമായി 6% മൂലധന പലിശ.

ശരാശരി ലാഭ നഷ്ട രീതിയിൽ കണക്കാക്കിയ സ്ഥാപനത്തിന്റെ ഗുഡ്വിൽ 42,000 രൂപയും, 2016-17 വർഷത്തെ ലാഭം 21,600 രൂപയുമാണ്. നിയമപരമായി ലക്ഷ്മിയുടെ പ്രതിനിധികൾക്ക് നൽകേണ്ട തുക കണക്കാക്കുക.

16. സതി, വർഷ എന്നിവർ പങ്കാളിയായ സ്ഥാപനത്തിൽ ലാഭം 3 : 1 എന്ന അനുപാതത്തിൽ വീതിക്കുന്നു. 01-01-2019-ലെ ഇവരുടെ ബാലൻസ്ഷീറ്റ് ചുവടെ ചേർക്കുന്നു :

**സതി, വർഷ എന്നിവരുടെ 01-01-2019-ലെ ബാലൻസ്ഷീറ്റ്**

| ബാധ്യതകൾ | | തുക | ആസ്തി | | തുക |
|---|---|---|---|---|---|
| വാടക കുടിശ്ശിക | | 3,000 | കൈവശപ്പണം | | 12,000 |
| ക്രഡിറ്റേഴ്സ് | | 18,000 | നിക്ഷേപം | | 60,000 |
| ജനറൽ റിസർവ് | | 10,000 | സ്റ്റോക്ക് | | 24,000 |
| മൂലധനം : | സതി | 2,00,000 | ഡബ്റ്റേഴ്സ് | 44,000 | |
| | വർഷ | 60,000 | കിഴിവ് : സംശയാസ്പദമായ കടത്തിന്റെ വകയിരുത്തൽ | 4,000 | 40,000 |
| | | | മെഷിനറി | | 30,000 |
| | | | ബിൽഡിംഗ് (കെട്ടിടം) | | 1,25,000 |
| | | **2,91,000** | | | **2,91,000** |

DITTO WS

Suma is admitted into the firm with ¼ share in profits on the following terms :

(1) Market value of Investment are to be taken at ₹ 70,000.

(2) Buildings were found undervalued by ₹ 4,000.

(3) Stock is revalued at ₹ 26,000.

(4) It was found that creditors included a sum of ₹ 3,000 which was not to be paid.

(5) Machinery is to be depreciated by 10%.

Prepare Revaluation Account.

17. Write any five differences between Receipts and Payments Account and Income and Expenditure Account.

**V. Answer any 1 question from 18 and 19, which carries 8 scores. (1 × 8 = 8)**

18. Following is the Receipts and Payments Account of Madras Sports Club for the year ending 31st March 2019.

**Receipts and Payments Account for the Year ending 31-3-2019**

| Receipts | Amount | Payments | Amount |
|---|---|---|---|
| Balance b/d | | Salaries | 88,000 |
| Cash | 7,300 | Printing & Stationery | 9,320 |
| Bank | 14,400 | Sports Expenses | 96,100 |
| Subscription | 3,53,900 | Electricity charges | 4,380 |
| Donations | 60,000 | Rent | 7,600 |
| Entrance Fees | 24,200 | Entertainment Expenses | 1,600 |
| Locker rent | 8,500 | Investment (31-3-2019) | 2,10,000 |
| | | Balance c/d Cash | 9,300 |
| | | Bank | 42,000 |
| | **4,68,300** | | **4,68,300** |

**Additional Information :**

(1) Subscription outstanding during 2018-19 amounted ₹ 26,000.

(2) Salary outstanding for the year 2018-19 amounted ₹ 8,000.

(3) Entrance fees and Donation should be capitalised.

(4) The stock of stationery as on 31-03-2019 is valued at ₹ 800.

(5) Depreciation is to be charged @ 10% p.a. on Sports equipments.

(6) On 1st April 2018 other balances were as under :

Land and Building ₹ 1,20,000

Sports Equipments ₹ 18,000

Library Books ₹ 10,000

Prepare Income & Expenditure Account for the year ended 31st March 2019 and Balance Sheet as on that date.

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സുമയെ 1/4 ലാഭവിഹിതത്തിന് പുതിയ പങ്കാളിയായി ഉൾപ്പെടുത്തുന്നു.

(1) നിക്ഷേപത്തിന്റെ വിപണി മൂല്യം 70,000 രൂപയാണ്.

(2) കെട്ടിടത്തിന്റെ വില 4,000 രൂപ കുറഞ്ഞതായി കണ്ടെത്തി.

(3) സ്റ്റോക്കിന്റെ മൂല്യം 26,000 രൂപയാണ്.

(4) ക്രെഡിറ്റേഴ്സിന് നൽകാനുള്ള തുകയിൽ 3,000 രൂപ തിരികെ നൽകേണ്ടതില്ല.

(5) മേഷിനറിയുടെ തേയ്മാന ചെലവ് 10% ആണ്.

റിവാല്വേഷൻ അക്കൗണ്ട് തയ്യാറാക്കുക.

17. റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടും ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടും തമ്മിലുള്ള ഏതെങ്കിലും അഞ്ച് വ്യത്യാസങ്ങൾ എഴുതുക.

**V. 18 മുതൽ 19 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ. (1 × 8 = 8)**

18. 31-03-2019-ന് അവസാനിക്കുന്ന വർഷത്തേയ്ക്കുള്ള മദ്രാസ് സ്പോർട്സ് ക്ലബിന്റെ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് അക്കൗണ്ട് ചുവടെ ചേർക്കുന്നു.

**31-3-2019 ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| ബാലൻസ്: | | ശമ്പളം | 88,000 |
| ക്യാഷ് | 7,300 | പ്രിൻഡിംഗ് & സ്റ്റേഷനറി | 9,320 |
| ബാങ്ക് | 14,400 | കായിക ചെലവ് | 96,100 |
| സബ്സ്ക്രിപ്ഷൻ | 3,53,900 | വൈദ്യുതിക ചെലവ് | 4,380 |
| സംഭാവനകൾ | 60,000 | വാടക | 7,600 |
| പ്രവേശന ഫീസ് | 24,200 | വിനോദ ചെലവുകൾ | 1,600 |
| ലോക്കർ വാടക | 8,500 | നിക്ഷേപം (31-3-2019) | 2,10,000 |
| | | ബാലൻസ് ക്യാഷ് | 9,300 |
| | | ബാങ്ക് | 42,000 |
| | **4,68,300** | | **4,68,300** |

**അനുബന്ധ വിവരങ്ങൾ :**

(1) 2018-19-ലെ സബ്സ്ക്രിപ്ഷൻ കുടിശ്ശിക 26,000 രൂപയാണ്.

(2) 2018-19 ലെ ശമ്പള കുടിശ്ശിക 8,000 രൂപയാണ്.

(3) പ്രവേശന ഫീസും സംഭാവനയും പൂർണ്ണമായും മൂലധന ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

(4) 31-03-2019-ലെ സ്റ്റേഷനറി സ്റ്റോക്കിന്റെ മൂല്യം 800 രൂപയാണ്.

(5) സ്പോർട്സ് ഉപകരണങ്ങളുടെ തേയ്മാനം 10% കണക്കാക്കണം.

(6) 01-04-2018-ലെ മറ്റ് ബാലൻസുകൾ താഴെ പറയുന്ന പ്രകാരമാണ്:

ലാൻഡ് ആൻഡ് ബിൽഡിംഗ് 1,20,000 രൂപ

കായിക ഉപകരണങ്ങൾ 18,000 രൂപ

ലൈബ്രറി ബുക്കുകൾ 10,000 രൂപ

31-03-2019-ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടും, ബാലൻസ് ഷീറ്റും തയ്യാറാക്കുക.

19. Manu and Manoj are partners, who share profit in the ratio of 2 : 1. Following is the Balance Sheet as on 31st March 2018.

**Balance Sheet of Manu and Manoj as on 31-3-2018**

| Liabilities | Amount | Assets | Amount |
|---|---|---|---|
| Sundry Creditors | 48,000 | Cash and Bank | 40,000 |
| General Reserve | 30,000 | Stock | 60,000 |
| Capital : | | Sundry Debtors | 78,000 |
| Manu | 1,40,000 | Land and Building | 1,00,000 |
| Manoj | 80,000 | Furniture | 20,000 |
| | **2,98,000** | | **2,98,000** |

On a dispute between the partners they decided to dissolve the firm on the following terms :

(1) Realisation expenses amounted to ₹ 4,000.

(2) Debtors realised at a discount of 5%.

(3) Stock realised at ₹ 50,000.

(4) Fixed Assets realised –

Land & Building ₹ 1,40,000

Furniture ₹ 18,000

(5) There was an unrecorded assets of ₹ 5,000, which was taken over by Manu.

(6) Creditors are paid in full.

Prepare necessary ledger accounts to close the books of firm.

## PART – B (Scores : 20)

## COMPUTERISED ACCOUNTING

**VI. Answer all questions from 20 to 22. Each carries 1 score. (3 × 1 = 3)**

20. The Code CS101, CS102, CS103 for customer *x*, y and z is an example of ______code.

(a) Mnemonic (b) Sequential

(c) Block (d) None of these

21. Which of the following is not a component of Payroll statement ?

(a) D.A. (b) D.B.

(c) H.R.A. (d) P.F.

22. The tool used to connect two tables in Libre Office Base.

(a) Report (b) Queries

(c) Form (d) Relationship

19. മനു, മനോജ് എന്നിവർ 2 : 1 ആനുപാതത്തിൽ ലാഭം പങ്കുവയ്ക്കുന്ന പങ്കാളികളാണ്. 31-03-2018-ലെ ഇവരുടെ ബാലൻസ്ഷീറ്റ് ചുവടെ ചേർക്കുന്നു.

**മനു, മനോജ് എന്നിവരുടെ 31-3-2018 ലെ ബാലൻസ്ഷീറ്റ്**

| ബാധ്യതകൾ | തുക | ആസ്തി | തുക |
|---|---|---|---|
| സൺഡ്രി ക്രഡിറ്റേഴ്സ് | 48,000 | ക്യാഷും ബാങ്കും | 40,000 |
| ജനറൽ റിസർവ് | 30,000 | സ്റ്റോക്ക് | 60,000 |
| മൂലധനം : | | സൺഡ്രി ഡബ്റ്റേഴ്സ് | 78,000 |
| മനു | 1,40,000 | സ്ഥലവും കെട്ടിടവും | 1,00,000 |
| മനോജ് | 80,000 | ഫർണീച്ചർ | 20,000 |
| | **2,98,000** | | **2,98,000** |

പങ്കാളികൾ തമ്മിലുള്ള തർക്കത്തെ തുടർന്ന് ഇനിപ്പറയുന്ന നിബന്ധനകളിൽ പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടാൻ അവർ തീരുമാനിച്ചു.

(1) റിയലൈസേഷൻ ചെലവ് 4,000 രൂപ.

(2) കടക്കാരിൽ നിന്ന് 5% കിഴിവിൽ പണം ലഭിച്ചു.

(3) സ്റ്റോക്കിൽ നിന്നും 50,000 രൂപ ലഭിച്ചു.

(4) സ്ഥിര ആസ്തികളുടെ വിറ്റുവരവ് –

സ്ഥലവും കെട്ടിടവും 1,40,000 രൂപ

ഫർണിച്ചർ 18,000 രൂപ

(5) 5,000 രൂപയുടെ രേഖപ്പെടുത്താത്ത ആസ്തി മനു ഏറ്റെടുത്തു.

(6) കടക്കാർക്ക് പൂർണ്ണമായി പണം നൽകുന്നു.

പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുന്നതിന് ആവശ്യമായ ലെഡ്ജർ അക്കൗണ്ടുകൾ തയ്യാറാക്കുക.

## PART – B (Scores : 20)

## COMPUTERISED ACCOUNTING

**VI. 20 മുതൽ 22 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (3 × 1 = 3)**

20. കോഡ് CS101, CS102, CS103 എന്നിവ ഉപഭോക്താക്കളായ *x*, y, z എന്നിവർക്ക് നൽകിയിരിക്കുന്നത് _______ കോഡിന് ഉദാഹരണമാണ്.

(a) നിമ്മോണിക്ക് (b) സ്വീക്വൻഷ്യൽ

(c) ബ്ലോക്ക് (d) ഇവയൊന്നുമല്ല

21. താഴെപ്പറയുന്നവയിൽ "പേറോൾ സ്റ്റേറ്റ്മെന്റ്" ലെ ഘടകമല്ലാത്തത് ഏത്.

(a) ഡി.എ. (b) ഡി.ബി.

(c) എച്ച്.ആർ.എ. (d) പി.എഫ്.

22. "ലിബ്രെ ഓഫീസ് ബേസിൽ" രണ്ട് ടേബിളുകൾ തമ്മിൽ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്നത് ഏതാണ്.

(a) റിപ്പോർട്ട് (b) ക്വറി

(c) ഫോം (d) റിലേഷൻഷിപ്പ്

DITTO WS

**VII. Answer any 3 questions from 23 to 26. Each carries 2 scores :** **(3 × 2 = 6)**

23. Discuss any two security features of Computerised Accounting System.

24. The details of sales is given below in the following spread sheet :

| | **A** | **B** | **C** | **D** |
|---|---|---|---|---|
| 1 | Code | Name of Salesmen | Sales | Commission |
| 2 | 101 | Praveen | 62000 | ? |
| 3 | 102 | Jaffar | 74000 | |
| 4 | 103 | Johny | 68000 | |
| 5 | | Total Sales | ? | |

Write the formula to calculate :

(a) Total Sales in cell C5.

(b) 10% Sales Commission to Praveen in cell D2.

25. Name the system generated ledger accounts in GNUkhata.

26. List out any four "data types" available in "Libre Office Base".

**VIII. Answer any 2 questions from 27 to 29. Each carries 3 scores.** **(2 × 3 = 6)**

27. Arun Traders took a loan of ₹ 1,00,000 for 24 months from SBI @ 12% interest for that period.

(a) Identify the financial function used for preparing loan repayment schedule in calc.

(b) Give its Syntax and explain its parameters.

VII. 23 മുതൽ 26 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം : (3 × 2 = 6)

23. കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റത്തിന്റെ ഏതെങ്കിലും രണ്ട് സുരക്ഷാ സവിശേഷതകൾ വിവരിക്കുക.

24. വിൽപ്പനയുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന സപ്രെഡ്ഷീറ്റിൽ നൽകിയിരിക്കുന്നു.

| | A | B | C | D |
|---|---|---|---|---|
| 1 | കോഡ് | സെയിൽസ്മാൻ മാരുടെ പേര് | സെയിൽസ് (വില്പന) | കമ്മീഷൻ |
| 2 | 101 | പ്രവീൺ | 62000 | ? |
| 3 | 102 | ജാഫർ | 74000 | |
| 4 | 103 | ജോണി | 68000 | |
| 5 | | മൊത്തം വിൽപ്പന | ? | |

താഴെപ്പറയുന്നവ കണക്കാക്കാൻ വേണ്ട സമവാക്യം എഴുതുക :

(a) മൊത്തം വിൽപ്പന സെൽ C5 ൽ എഴുതുക.

(b) പ്രവീണിനുള്ള 10% കമ്മീഷൻ സെൽ D2 വിൽ എഴുതുക.

25. ജിന്യൂ ഖാത്തയിൽ സ്വയമേവ തയ്യാറാക്കപ്പെട്ടിട്ടുള്ള ലെഡ്ജർ അക്കൗണ്ടുകൾ എഴുതുക.

26. "ലിബ്രെ ഓഫീസ് ബേസിൽ" ലഭ്യമായ ഏതെങ്കിലും നാല് "ഡാറ്റ തരങ്ങൾ" (Data type) പട്ടികപ്പെടുത്തുക.

VIII. 27 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം : (2 × 3 = 6)


27. അരുൺ ട്രേഡേർസ് 1,00,000 രൂപ 12% പലിശ നിരക്കിൽ 24 മാസത്തേക്ക് എസ്.ബി.ഐ.-ൽ നിന്നും വായ്പയെടുത്തു.

(a) കാൽക്കിൽ വായ്പ തിരിച്ചടവ് ഷെഡ്യൂൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന "ഫിനാൻഷ്യൽ ഫങ്ഷൻ" തിരിച്ചറിയുക.

(b) അതിന്റെ വാക്യഘടനയും പാരാമീറ്ററുകളും എഴുതുക.

DITTO WS

28. A chart is given for you.




(a) Identify the name of above chart type.

(b) Briefly explain any two advantages of preparing charts.

29. Write the different steps for creating a Table in Libre Office Base.

**IX. Answer any 1 question from 30 to 31. Each carries 5 scores. (1 × 5 = 5)**

30. Describe the use and Syntax of the following functions in Libre Office Calc :

(a) Now

(b) Count

(c) IF


(d) Rate

(e) Concatenate

31. Devika Agencies already created an organisation in GNUkhata. Now they want to create ledger accounts. Write the procedure to create the following ledger accounts by preparing a table showing relevant groups and subgroups, assuming that there is no opening balances.

| | |
|---|---|
| (1) Capital | (2) Furniture |
| (3) Cash | (4) Debtors |
| (5) Creditors | (6) Purchases |
| (7) Sales | (8) Salary |

28. നിങ്ങൾക്കായി ഒരു ചാർട്ട് നൽകിയിരിക്കുന്നു.




(a) മുകളിലുള്ള ചാർട്ട് തരത്തിന്റെ പേര് തിരിച്ചറിയുക.

(b) ചാർട്ടുകൾ തയ്യാറാക്കുന്നതിന്റെ രണ്ട് ഗുണങ്ങൾ ചുരുക്കി വിവരിക്കുക.

29. "ലിബ്രെ ഓഫീസ് ബേസിൽ" ഒരു പട്ടിക (ടേബിൾ) നിർമ്മിക്കുന്നതിനുള്ള വ്യത്യസ്ത ഘട്ടങ്ങൾ എഴുതുക.

**IX. 30 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 ന് ഉത്തരമെഴുതുക. 5 സ്കോർ : (1 × 5 = 5)**

30. "ലിബ്രെ ഓഫീസ് കാൽക്കിലെ" താഴെപ്പറയുന്ന ഫംഗ്ഷനുകളുടെ ഉപയോഗം, വാക്യഘടന എന്നിവ വിവരിക്കുക.

(a) Now (നൗ)

(b) Count (കൗണ്ട്)

(c) IF (ഇഫ്)

(d) Rate (റേറ്റ്)

(e) Concatenate (കോൺകാറ്റനേറ്റ്)

31. ജിന്യൂഖാത്തയിൽ ദേവിക ഏജൻസി എന്ന പേരിൽ ഒരു സ്ഥാപനം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അവർ ലെഡ്ജർ അക്കൗണ്ടുകൾ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നു. ഓപ്പണിംഗ് ബാലൻസുകൾ ഇല്ല എന്ന സങ്കല്പത്തിൽ പ്രസക്തമായ ഗ്രൂപ്പും, ഉപഗ്രൂപ്പും ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കി ഇനിപ്പറയുന്ന ലെഡ്ജർ അക്കൗണ്ടുകൾ തുടങ്ങുന്നതിനു വേണ്ടിയുള്ള വിവിധ ഘട്ടങ്ങൾ (procedure) എഴുതുക.

| | |
|---|---|
| (1) മൂലധനം (Capital) | (2) ഫർണിച്ചർ |
| (3) ക്യാഷ് | (4) ഡബ്റ്റേഴ്സ് |
| (5) ക്രഡിറ്റേഴ്സ് | (6) പർച്ചയിസ് |
| (7) സെയിൽസ് | (8) സാലറി |

---